പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : നം. 1394 08.02.2013 ലെ മറുപടിയ്ക്ക്


# ഹരിതനിർമ്മാണനയം

**ചോദ്യം**

ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. എ.റ്റി. ജോർജ്
ശ്രീ. എം.എ.വാഹിദ്

**ഉത്തരം**

(ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്)
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ഹരിതനിർമ്മാണനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയം നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) നിർമ്മാണമേഖലയിൽ പാരിസ്ഥിതിക-സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാനും അസംസ്കൃത വസ്തുക്കളുടെയും പ്രകൃതി നിർമ്മിത സാമഗ്രികളുടെയും ലഭ്യതക്കുറവിന് പരിഹാരം കാണാനും വർദ്ധിച്ചുവരുന്ന ഊർജ്ജോത്പാദനത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രധാനമായും കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗവും ജല ഉപഭോഗവും കുറയ്ക്കുവാനുള്ള വ്യവസ്ഥകളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രധാനമായും സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്തുവാൻ നയം വ്യവസ്ഥ ചെയ്യുന്നു. കൂടാതെ മലിനജലം പരമാവധി പുനർചാക്രീകരണം മുഖേന ഉപയോഗ യോഗ്യമാക്കാനും വ്യവസ്ഥയുണ്ട്. കേരളത്തിൽ അതാത് സ്ഥലങ്ങളിൽ ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗപ്പെടുത്തിയും ജലത്തിന്റെ ഉപയോഗം ഫലപ്രദമായ രീതിയിൽ പരിമിതപ്പെടുത്തിയും ഭൂപ്രകൃതി അതിന്റെ തനതായ രീതിയിൽ സംരക്ഷിച്ചു കൊണ്ടും നിലവിലെ സസ്യജാലങ്ങൾ പരമാവധി നിലനിർത്തിയും മാലിന്യോത്പാദനം പരിമിതപ്പെടുത്തിയും അവ ഉറവിടത്തിൽത്തന്നെ

സംസ്കരണം നടത്തിയുമുള്ള ഒരു നിർമ്മാണ രീതിയാണ് ഈ നയം മൂലം നടപ്പാക്കാനുദ്ദേശിക്കുന്നത്. മതിയായ കാററും വെളിച്ചവും കിട്ടത്തക്ക വിധത്തിലുള്ള കെട്ടിടത്തിന്റെ രൂപ കൽപ്പനയും അതുവഴി ആരോഗ്യകരമായ ഒരന്തരീക്ഷം സൃഷ്ടിക്കാനുമുള്ള വ്യവസ്ഥകളുമാണ് നയത്തിലുള്ളത്.

(സി) പ്രസ്തുത നയത്തിൽക്കൂടി സംസ്ഥാനത്തെ റോഡുകൾക്കും വകുപ്പിന്റെ കെട്ടിടങ്ങൾക്കും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഹരിത നിർമ്മാണനയം കെട്ടിടങ്ങളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. എന്നിരുന്നാൽക്കൂടി വകുപ്പ് നിർമ്മിക്കുന്ന റോഡുകളിൽ പ്ളാസ്ററിക് മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നിലവാരവും ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുവാൻ നയത്തിൽ വ്യവസ്ഥയുണ്ട്. സംസ്കരിക്കാനാവാത്ത മാലിന്യം റോഡുകളുടെ നിർമ്മാണവേളയിൽ refill ആയി ഉപയോഗിക്കാവുന്നതുമാണ്.

കൂടാതെ കെട്ടിടങ്ങളിൽ 30 ശതമാനം വരെയെങ്കിലും ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപഭോഗം കുറയ്ക്കുവാൻ കഴിയും. ഇത്തരത്തിൽ വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ പര്യാപ്തമാകുന്നതാണ്.

(ഡി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത നയം ക്യാബിനററിൽ വയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ